# കേരളസർവകലാശാല

നം.പി.ആർ.207/2021

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരള സർവകലാശാല 2021 ജൂൺ മാസത്തിൽ നടത്തിയ എം.എ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് 2019 –21 ബാച്ച് (സി.എസ്.എസ് ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

കേരള സർവകലാശാല 2021 ജൂലൈയിൽ നടത്തിയ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2013 സ്കീം – 2017 അഡ്മിഷൻ വിദ്യാർത്ഥികളുടെ എട്ടാം സെമസ്റ്റർ റെഗുലർ ബി.ടെക് ഡിഗ്രി പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയ ത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 25 വരെ ഓൺലൈനായി അപേക്ഷിക്കാം.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എ മലയാളം (വിദൂര വിദ്യാഭ്യാസം) സപ്ലിമെന്ററി, രണ്ടാംവർഷ മേഴ്സി ചാൻസ് (1998 സ്കീം ആൻഡ് 2001 സ്കീം) ഡിഗ്രി പരീക്ഷകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ജ്യോഗ്രഫി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 18 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ആഗസ്റ്റ് മാസം നടത്തിയ പാർട്ട് മൂന്ന് ബി.കോം അന്വൽ സ്കീം പ്രൈവറ്റ് ആൻഡ് സപ്ലിമെന്ററി ഫൈനൽ ഇയർ ഒൺലി പരീക്ഷാഫലം പ്രസിദ്ധീകരിച്ചപ്പോൾ തടഞ്ഞു വെച്ചിരുന്ന 97 വിദ്യാർത്ഥികളുടെ പരീക്ഷാഫലം റിലീസ് ചെയ്തിട്ടുണ്ട്. പ്രസ്തുത വിദ്യാർഥികൾക്ക് മാത്രം പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഫ്ലൈനായി 2021 ഒക്ടോബർ 22 വരെ അപേക്ഷിക്കാവുന്നതാണ്.

### ടൈംടേബിൾ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ എം. എഡ് (2018 സ്കീം റഗുലർ/ സപ്ലിമെന്ററി, 2015 സ്കീം സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ 2021 ഒക്ടോബർ 25 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരള സർവകലാശാല നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി (2019 അഡ്മിഷൻ റെഗുലർ, 2015, 2016, 2017,2018 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സി) മെയ് 2021 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 18 മുതൽ അതാത് കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 18 മുതൽ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2021 ഒക്ടോബർ 21 ന് ആരംഭിക്കുന്ന രണ്ടാംവർഷ ബി.ബി.എ (അന്വൽ സ്കീം - പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ് ,സപ്ലിമെന്ററി പരീക്ഷകൾക്ക് തിരുവനന്തപുരം ജില്ല പരീക്ഷ കേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കണ്ണമ്മൂല ജോൺ കോക്സ് മെമ്മോറിയൽ സി.എസ്.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലും, കൊല്ലം ജില്ല പരീക്ഷ കേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിലും , ആലപ്പുഴ ജില്ലാ പരീക്ഷ കേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ എസ്. ഡി കോളേജിലും , പത്തനംതിട്ട ജില്ല പരീക്ഷ കേന്ദ്രമായി അപേക്ഷിച്ചവർ അടൂർ സെന്റ് സിറിൽസ് കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റ് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റേണ്ടതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരള സർവ്വകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ 2021 അധ്യയന വർഷം പുതിയതായി ആരംഭിക്കുന്ന എം.എസ്.സി ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ നാനോ സയൻസ് പ്രോഗ്രാമിന് 2021– 23 ബാച്ച് അഡ്മിഷന് എംഎസ്.സി ഫിസിക്സ് (അപ്ലൈഡ് ഇലക്ട്രോണിക്സ് / സ്പേസ് ഫിസിക്സ് / റിന്യൂവബിൾ എനർജി) 2021 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർഥികളിൽ നിന്നും പ്രവേശനം നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2021 ഒക്ടോബർ 20 നകം ആപ്ലിക്കേഷൻ നമ്പർ സഹിതം അപേക്ഷകൾ css.keralauty@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ഈ മെയിൽ ചെയ്യേണ്ടതാണ്.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.കോം ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ് പ്രോഗ്രാമിന് 2021 –23 ബാച്ച് അഡ്മിഷനു SC സീറ്റും എൽ.എൽ.എം, എം.സി.ജെ, എം.സ്.സി കെമിസ്ട്രി പ്രോഗ്രാമുകൾക്ക് 2021 –23 ബാച്ച് അഡ്മിഷനു ST സീറ്റും ഒഴിവുണ്ട് . പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2021 ഒക്ടോബർ 18 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് .

## സ്പെഷ്യൽ പരീക്ഷ

2021 ജൂൺ മാസം നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം), പത്താം സെമസ്റ്റർ ബി.എ/ ബി.കോം/ ബി.ബി.എ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി, നാലാം സെമസ്റ്റർ എം.എ/ എം.എസ്.സി/ എം.കോം പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്തു കോവിഡ്-19 കാരണം എഴുതാൻ സാധിക്കാത്ത വിദ്യാർഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാം. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാമിന്റെ കോഴ്സ്കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യവകുപ്പിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ സാക്ഷ്യപത്രങ്ങൾ സഹിതം ഒക്ടോബർ 18 നകം അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം,
12.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

| **University information is available on 9188526670, 9188526671, 9188526674, 9188526675** |
|---|